# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 295 10/06/2013-ൽ മറുപടിക്ക്

## ആദിവാസി മേഖലകളിലെ അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | കേരളത്തിലെ ആദിവാസി മേഖലകളിൽ പട്ടിണിയും പോഷകാഹാരക്കുറവും പകർച്ചവ്യാധികളും നിമിത്തം ആദിവാസിക്കുഞ്ഞുങ്ങൾ മരിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ | ഉണ്ട്.<br>കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 45 കുഞ്ഞുങ്ങൾ മരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആദിവാസി ശിശു മരണങ്ങൾ നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| ബി | അട്ടപ്പാടി-അഗളി മേഖലയിൽ എത്ര കുഞ്ഞുങ്ങൾ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; മരണത്തിനിടയാക്കിയ സാഹചര്യം വിശദീകരിക്കുമോ; | ബി | അട്ടപ്പാടി-അഗളി മേഖലയിൽ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ 45 കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്. പ്രധാനമായും ഗർഭാവസ്ഥയിൽ മാതാക്കളുടെ പോഷകാഹാരക്കുറവും പൂർണ്ണ വളർച്ചയെത്താതെയുള്ള പ്രസവവും കാരണമാണ് കുഞ്ഞുങ്ങൾ മരണപ്പെട്ടിട്ടുള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| സി | കഴിഞ്ഞ രണ്ട് സാമ്പത്തികവർഷങ്ങളിൽ ഗർഭിണികളായ ആദിവാസി അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമത്തിന് സംസ്ഥാനത്ത് എത്ര തുക വകയിരുത്തിയെന്നും ആയതിന്റെ വിനിയോഗവും വിശദീകരിക്കുമോ? | സി | പട്ടികവർഗ്ഗ വികസന വകുപ്പിന് നാളിതുവരെ ഗർഭിണികളുടെയും നവജാത ശിശുക്കളുടെയും ക്ഷേമത്തിന് മാത്രമായുള്ള പദ്ധതികൾ ഉണ്ടായിരുന്നില്ല. എന്നാൽ ഈ വർഷം മുതൽ ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും പ്രതിമാസം 1000 രൂപ വീതം 18 മാസം ധനസഹായം നൽകുന്ന 'ജനനി ജന്മരക്ഷ' എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ